കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - നിയോജകമണ്ഡല ആസ്തിവികസന പദ്ധതി 2016-17- ശ്രീ.ബി.ഡി.ദേവസ്സി,എം.എൽ.എ.,ചാലക്കുടി നിയോജകമണ്ഡലം- ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 2 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.1398/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 03.05.2017**

================================================================

പരാമർശം:
1. സ.ഉ.(സാധാ)നം:332/12/ ധന തീയതി 11-06-2012.
2. ശ്രീ.ബി.ഡി.ദേവസ്സി എം.എൽ.എ.യുടെ 22-11-16-ലെ കത്ത്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ 16-03-17-ലെ ഡി.ബി.3-3350/ 17/ സി.ഇ./ ത.സ്വ.ഭ.വ നമ്പർ കത്ത്.

**ഉത്തരവ്**

ചാലക്കുടി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.ബി.ഡി.ദേവസ്സി എം.എൽ.എ., ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ താഴെ പരാമർശിച്ചിരിക്കുന്ന 2 പ്രവൃത്തികൾ, നിയോജകമണ്ഡല ആസ്തിവികസന പദ്ധതി പ്രകാരം 66.25 ലക്ഷം രൂപ ചെലവിൽ നടപ്പാക്കുന്നതിന് ഭരണാനുമതി തേടിക്കൊണ്ട് പരാമർശം 2 പ്രകാരം നിർദ്ദേശം സമർപ്പിച്ചു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷം രൂപ ) |
|---|---|---|
| 1 | കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ കുണ്ടുകുഴിപ്പാടം-കുറ്റിക്കാട് റോഡ് നവീകരണം | 29.25 |
| 2 | കൊരട്ടി ഗ്രാമ പഞ്ചായത്ത് ഒൻപതാം വാർഡിലെ ചാണ്ടിപ്പാലം-പേട്ടകനാൽ -ലിങ്ക് റോഡ്-മെറ്റലിംഗ് & ടാറിങ് | 37.00 |
| **ആകെ തുക** | | **66.25** |

2. നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം 1 -ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളും വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കേണ്ടതാണ് എന്ന നിബന്ധനയോടെ, ചാലക്കുടി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.ബി.ഡി.ദേവസ്സി എം.എൽ.എ.യുടെ 2016-17 ലെ ആസ്തിവികസന പദ്ധതിയിൽ നിന്നും മേൽപറഞ്ഞ 2 പ്രവൃത്തികൾ 66.25 ലക്ഷം രൂപ ചെലവിൽ നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു..

3. ഇത് സംബന്ധിച്ച ചെലവ് '4515-00-800-96 പ്രോജക്ട്സ് അണ്ടർ എൽ.എ.സി.-എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**ടി.കെ.ജോസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

To

1. ശ്രീ.ബി.ഡി.ദേവസ്സി എം.എൽ.എ.(ആമുഖ കത്ത് സഹിതം)
2. ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
3. പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
4. ചീഫ് എൻജിനിയർ, തദ്ദേശ സ്വയംഭരണം ,തിരുവനന്തപുരം
5. എക്സിക്യൂട്ടീവ് എൻജിനിയർ,തൃശ്ശൂർ ജില്ലാ പഞ്ചായത്ത്
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
7. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
8. ഡയറക്ടർ(ട്രഷറി),തിരുവനന്തപുരം.
9. സെക്രട്ടറി,ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ
10. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ